# പതിനഞ്ചാം കേരളനിയമസഭ
# പതിമൂന്നാം സമ്മേളനം

## ബഹു. സ്പീക്കറുടെ റൂളിംഗ്
## 10-02-2025

### ധനകാര്യം

### ബജറ്റ് വിഹിതം വെട്ടിക്കുറച്ചത് സംബന്ധിച്ച്

2025 ഫെബ്രുവരി 10-ന് ധനകാര്യം പരിഗണനയ്ക്കെടുക്കുന്നതിന് മുമ്പായി, 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിവിഹിതങ്ങളുടെ പുന:ക്രമീകരണത്തിനും പ്രോജക്ടുകളുടെ അനിവാര്യത പരിശോധിക്കുന്നതിനുമായി പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളുടെയും മുഖ്യമന്ത്രി നിയമസഭയിൽ റൂൾ 300 പ്രകാരം നടത്തിയ പ്രസ്താവനയുടെയും അടിസ്ഥാനത്തിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള വിവിധ പദ്ധതികളുടെയും ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നൽകുന്ന സ്കോളർഷിപ്പുകളുടെയും ബജറ്റ് വിഹിതം വെട്ടിക്കുറച്ചതായും 2024-25-ലെ അപ്രോപ്രിയേഷൻ ബിൽ നിയമസഭ പാസാക്കുകയും ഗവർണറുടെ അനുമതിയോടെ ആക്ടായി പ്രസിദ്ധീകരിക്കുകയും ചെയ്തശേഷം ധനാഭ്യർഥനകളിൽ വ്യത്യാസം വരുത്താനുള്ള അധികാരം എക്സിക്യൂട്ടീവിനില്ലെന്നിരിക്കെ ക്രമപ്രകാരമല്ലാതെ പുറപ്പെടുവിച്ച ഉത്തരവുകൾ ഭരണഘടനാ വ്യവസ്ഥകളുടെ ലംഘനമാണെന്നും ഇതുസംബന്ധിച്ച് റൂളിംഗ് നൽകണമെന്നും പ്രസ്തുത ഉത്തരവുകൾ റദ്ദാക്കുന്നതിന് നിർദേശമുണ്ടാകണമെന്നും ക്രമപ്രശ്നത്തിലൂടെ പ്രതിപക്ഷനേതാവ് ഉന്നയിക്കുകയുണ്ടായി.

ഭരണഘടനയുടെ അനുച്ഛേദം 202 അനുസരിച്ച് ഓരോ സാമ്പത്തിക വർഷത്തെയും ചെലവുകളുടെ അടങ്കൽ പത്രിക സഭ മുമ്പാകെ വയ്ക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും വരവിലോ ചെലവിലോ ഉണ്ടാകുന്ന വ്യത്യാസം ഇതിനെ ബാധിക്കുകയില്ലെന്നും തൊട്ടടുത്ത സാമ്പത്തിക വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റ് വഴി അതിനെ ക്രമവത്കരിക്കുകയാണ്

ചെയ്യുന്നതെന്നും ഭരണഘടന അനുച്ഛേദം 203 പ്രകാരം സഞ്ചിതനിധിയിൽ നിന്നും നടത്തേണ്ട ചെലവുകൾ സംബന്ധിച്ച് 204-ാംാം അനുച്ഛേദം പ്രകാരമാണ് ധനവിനിയോഗ ബില്ലുകൾ പാസ്സാക്കുന്നതെന്നും അനുച്ഛേദം 205 പ്രകാരം അനുപൂരകവും കൂടുതലായിട്ടുള്ളതുമായ അധിക ചെലവുകൾക്ക് സഹായധനങ്ങൾ അനുവദിക്കാവുന്നതും ധനവിനിയോഗ ബില്ലുവഴി ക്രമപ്പെടുത്താവുന്നതുമാണെന്നും മുൻകാലങ്ങളിലും ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇക്കാര്യത്തിൽ ഭരണഘടനാ ലംഘനമുണ്ടായിട്ടില്ലെന്നും ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി+.

ധനവിനിയോഗവുമായി ബന്ധപ്പെട്ട ഭരണഘടനാ വ്യവസ്ഥകളും നിയമസഭാ ചട്ടങ്ങളും കീഴ്വഴക്കങ്ങളും ചെയർ വിശദമായി പരിശോധിച്ചു. സമാനസ്വഭാവമുള്ള ഒരു ക്രമപ്രശ്നം 1987 ഡിസംബർ മാസം 2-ാംാം തീയതി സഭയിൽ ഉന്നയിക്കപ്പെട്ടപ്പോൾ ചെയർ വ്യക്തമായ റൂളിംഗ് നൽകിയിട്ടുണ്ട്. അപ്രോപ്രിയേഷൻ ആക്ടിലൂടെ ഓരോ ഡിമാൻഡിൽനിന്നും ചെലവാകുന്ന പരമാവധി തുകയാണ് സഭ നിശ്ചയിച്ച് അംഗീകാരം നൽകിയിരിക്കുന്നത്. ആ പരിധി ലംഘിക്കുന്നതിന് സർക്കാരിന് അധികാരമില്ല. അധിക തുക ചെലവഴിക്കേണ്ട സാഹചര്യമുണ്ടായാൽ അധിക ധനാഭ്യർഥനയിലൂടെ സഭയുടെ അനുമതി ലഭ്യമാവേണ്ടതുണ്ട്. ഇവിടെ ധനവിനിയോഗ നിയമത്തിലൂടെ സഭ അനുവദിച്ച തുകയിൽ കുറവ് വരുത്തിയത് സംബന്ധിച്ച കാര്യമാണ് ഉന്നയിക്കപ്പെട്ടിട്ടുള്ളത്. വേയ്സ് ആന്റ് മീൻസ് നില കണക്കിലെടുത്ത് പ്രത്യേക സാഹചര്യങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന എക്സ്ട്രാ ഓർഡിനറി ഉത്തരവുകളുടെ ഗണത്തിൽപ്പെടുന്നവയാണ് പരാമർശിക്കപ്പെട്ട ഉത്തരവുകൾ. മുൻകാലങ്ങളിലും ഇത്തരത്തിൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് ഭരണഘടനാ വ്യവസ്ഥകളുടെയോ സഭയുടെ അവകാശങ്ങളുടെയോ ലംഘനമല്ലാത്തതിനാൽ ക്രമപ്രശ്നം

+.

നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്തു.